**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2873** **13-12-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കിന് ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സഹകരണ ബാങ്കിനുവേണ്ടി ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം കൊണ്ടുവന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതികൾ വിശദമാക്കാമോ; | (എ) | സംസ്ഥാന സഹകരണ ബാങ്കിനുവേണ്ടി ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം കൊണ്ടുവന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളാ ബാങ്കിന്റെ ഐ.ടി ഇന്റഗ്രേഷൻ സംബന്ധമായ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്. സംസ്ഥാന സഹകരണ ബാങ്കും 13 മുൻ ജില്ലാ സഹകരണ ബാങ്കുകളും ഉൾപ്പെടെ ആകെ 14 യൂണിറ്റുകളുടെ ഡാറ്റാ മൈഗ്രേഷൻ പ്രവർത്തനങ്ങളാണ് പൂർത്തിയാക്കേണ്ടത്. ഇതിൽ 10 യൂണിറ്റുകളുടെ മൈഗ്രേഷൻ പൂർത്തിയായിക്കഴിഞ്ഞു. ബാക്കിയുള്ള 4 യൂണിറ്റുകളായ ആലപ്പുഴ, തൃശ്ശൂർ, പത്തനംതിട്ട, കണ്ണൂർ, എന്നിവയുടെ മൈഗ്രേഷൻ 2022 ഡിസംബർ മാസം അവസാനത്തോടുകൂടി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) | കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച് സംസ്ഥാന സർക്കാരും സഹകരണ വകുപ്പും നബാർഡ്, ആർ.ബി.ഐ .എന്നിവയുമായി നടത്തിയ മുഴുവൻ കത്തിടപാടുകളുടെയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കാമോ? | (ബി) | സംസ്ഥാനത്തെ 14ജില്ലാ സഹകരണ ബാങ്കുകളും കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുകയും, ഇത് സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളിലെ അന്തിമ തീർപ്പ ഉണ്ടാകുകയും ചെയ്യുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ